**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1109** **10-08-2023 - ൽ മറുപടിയ്ക്ക്**

**പെരിഞ്ചേരികടവ് റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പെരിഞ്ചേരികടവ് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തി എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ; അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ; | (എ) | പെരിഞ്ചേരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തിക്കായി കിഫ്ബി ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കൽ തുക കൂടി ഉൾപ്പെടുത്തി ₹72.63 കോടി രൂപ അനുവദിച്ചു. ടെൻഡർ നടപടികൾ പൂർത്തിയാക്കി പദ്ധതി നടപ്പിലാക്കുന്നതിനായി 17.09.2020-ന് സ്ഥലം കരാറുകാരന് കൈമാറി. കരാർ പ്രകാരം സൈറ്റ് കൈമാറിയ തീയതി മുതൽ 18 മാസമായിരുന്നു പൂർത്തീകരണ തീയതി. നിലവിൽ പൂർത്തീകരണ തീയതി 31.03.2024 വരെ നീട്ടിയിട്ടുണ്ട്.<br><br>പ്രവൃത്തി നടപ്പിലാക്കുന്ന കുറ്റിയാടി പുഴയുടെ ഒഴുക്കിനു തടസ്സം വരാതിരിക്കുന്നതിനായി മൂന്ന് ഘട്ടങ്ങളിലായി ബണ്ട് നിർമ്മിച്ച് പദ്ധതി നടപ്പിലാക്കുന്നതിനായിട്ടാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ആദ്യ ഘട്ടമായി 195 മീറ്റർ ബണ്ട് നിർമ്മിക്കുകയും അതിനുള്ളിലെ പ്രവൃത്തികൾ - ഏപ്രൺ, പിയർ, അബട്ട്മെന്റ്, സംരക്ഷണ ഭിത്തി എന്നിവ നിർമ്മിക്കുകയും ചെയ്തു. നിലവിൽ 27% പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| (ബി) | പ്രസ്തുത പ്രവർത്തിയുടെ നിർമ്മാണ കാലാവധി എത്രയാണെന്നും നിലവിൽ എത്ര ശതമാനം പണി പൂർത്തിയായിട്ടുണ്ട് എന്നും വിശദമാക്കാമോ; | (ബി) | പെരിഞ്ചേരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തിക്കായി കിഫ്ബി ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കൽ തുക കൂടി ഉൾപ്പെടുത്തി ₹72.63 കോടി രൂപ അനുവദിച്ചു. ടെൻഡർ നടപടികൾ പൂർത്തിയാക്കി. പദ്ധതി നടപ്പിലാക്കുന്നതിനായി 17.09.2020-ന് സ്ഥലം കരാറുകാരന് കൈമാറി. കരാർ പ്രകാരം സൈറ്റ് കൈമാറിയ തീയതി മുതൽ 18 മാസമായിരുന്നു പൂർത്തീകരണ തീയതി. നിലവിൽ പൂർത്തീകരണ തീയതി 31.03.2024 വരെ നീട്ടിയിട്ടുണ്ട്.<br><br>പ്രവൃത്തി നടപ്പിലാക്കുന്ന കുറ്റിയാടി പുഴയുടെ ഒഴുക്കിനു തടസ്സം വരാതിരിക്കുന്നതിനായി മൂന്ന് ഘട്ടങ്ങളിലായി ബണ്ട് നിർമ്മിച്ച് പദ്ധതി നടപ്പിലാക്കുന്നതിനായിട്ടാണ് |

| | | | |
|---|---|---|---|
| | | | ആസൂത്രണം ചെയ്തിട്ടുള്ളത്. ആദ്യ ഘട്ടമായി 195 മീറ്റർ ബണ്ട് നിർമ്മിക്കുകയും അതിനുള്ളിലെ പ്രവൃത്തികൾ - ഏപ്രൺ, പിയർ, അബട്ട്മെന്റ്, സംരക്ഷണ ഭിത്തി എന്നിവ നിർമ്മിക്കുകയും ചെയ്തു. നിലവിൽ 27% പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| (സി) | പ്രസ്തുത പ്രവർത്തിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്ന് വ്യക്തമാക്കാമോ; | (സി) | ജലസേചന വകുപ്പിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ (എസ്.പി.വി.) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡിനെയാണ് (കെ.ഐ.ഐ.ഡി.സി.) ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (ഡി) | റഗുലേറ്റർ കം - ബ്രിഡ്ജിന്റെ പ്രവൃത്തി പൂർണ്ണമായും നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കാരണം വിശദമാക്കുമോ; | (ഡി) | സാങ്കേതികാനുമതി നൽകിയ ബണ്ടിൽ നിന്നും വ്യത്യസ്തമായി പ്രസ്തുത സൈറ്റിന് അനുയോജ്യമായ രീതിയിലുള്ള ബണ്ടാണ് ഒന്നാം ഘട്ട പ്രവൃത്തിയ്ക്കുവേണ്ടി നിർമ്മിച്ചത്. ബണ്ടിന്റെ നിരക്കിൽ വലിയ വ്യതിയാനം വന്നതിനാൽ കരാറുകാരന്റെ ബിൽ പേയ്മെന്റിന് കാലാതാമസം നേരിടുകയും കരാറുകാരൻ കോടതിയെ സമീപിക്കുകയും ഉത്തരവ് ആകുകയും ചെയ്തു. പേയ്മെന്റ് ലഭിക്കാനുണ്ടായ കാലതാമസം പ്രവൃത്തിയുടെ പുരോഗതിയെയും ബാധിച്ചു.<br><br>നിലവിൽ ഒന്നാം ഘട്ടത്തിനുവേണ്ടി നിർമ്മിച്ച ബണ്ട് മൺസൂൺ കാലമായതിനാൽ പൊളിച്ചു മാറ്റിയിട്ടുണ്ട്. എന്നാൽ രണ്ടാം ഘട്ട ബണ്ട് നിർമ്മിക്കുന്നതിന് മുമ്പ്, ബണ്ടിന്റെ ഡിസൈനും എസ്റ്റിമേറ്റും കിഫ്ബിയുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. രണ്ടാം ഘട്ടത്തിൽ 225 മീറ്റർ ബണ്ടാണ് നിർമ്മിക്കേണ്ടത്. പ്രസ്തുത ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പുരോഗതിയിൽ തടസ്സം വരാതിരിക്കുന്നതിനായി കിഫ്ബിയിൽ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. അടുത്ത വർക്കിംഗ് സീസണിൽ പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | പ്രസ്തുത പ്രവൃത്തി എത്രയുംവേഗം പുനരാരംഭിക്കുവാനും സമയബന്ധിതമായി പൂർത്തിയാക്കുവാനുമുള്ള അടിയന്തര നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | (ഇ) | സാങ്കേതികാനുമതി നൽകിയ ബണ്ടിൽ നിന്നും വ്യത്യസ്തമായി പ്രസ്തുത സൈറ്റിന് അനുയോജ്യമായ രീതിയിലുള്ള ബണ്ടാണ് ഒന്നാം ഘട്ട പ്രവൃത്തിയ്ക്കുവേണ്ടി നിർമ്മിച്ചത്. ബണ്ടിന്റെ നിരക്കിൽ വലിയ വ്യതിയാനം വന്നതിനാൽ കരാറുകാരന്റെ ബിൽ പേയ്മെന്റിന് കാലാതാമസം നേരിടുകയും കരാറുകാരൻ കോടതിയെ സമീപിക്കുകയും ഉത്തരവ് ആകുകയും ചെയ്തു. പേയ്മെന്റ് ലഭിക്കാനുണ്ടായ കാലതാമസം പ്രവൃത്തിയുടെ പുരോഗതിയെയും ബാധിച്ചു.<br><br>നിലവിൽ ഒന്നാം ഘട്ടത്തിനുവേണ്ടി നിർമ്മിച്ച ബണ്ട് മൺസൂൺ കാലമായതിനാൽ പൊളിച്ചു മാറ്റിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | എന്നാൽ രണ്ടാം ഘട്ട ബണ്ട് നിർമ്മിക്കുന്നതിന് മുമ്പ്, ബണ്ടിന്റെ ഡിസൈനും എസ്റ്റിമേറ്റും കിഫ്ബിയുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. രണ്ടാം ഘട്ടത്തിൽ 225 മീറ്റർ ബണ്ടാണ് നിർമ്മിക്കേണ്ടത്. പ്രസ്തുത ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പുരോഗതിയിൽ തടസ്സം വരാതിരിക്കുന്നതിനായി കിഫ്ബിയിൽ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. അടുത്ത വർക്കിംഗ് സീസണിൽ പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ